# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.15/1294/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/09/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

-

നമ്പർ: കെഎസ്എ.കെറ്റിഎം.പി.15/1294/2023 തീയ്യതി: 05/09/2023

## കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 15-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 15-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി അമ്പിളി എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ബിനീത് രാജൻ, ഓഡിറ്റർ
ശ്രീ. അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. റ്റോമിച്ചൻ ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഉത്തമൻ ബി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോഹരൻ എൻ | സൂപ്രണ്ട് ഗ്രേഡ് 1, ഗവ. വൃദ്ധസദനം | 01-04-2022 | 31-03-2023 |
| മാർട്ടിൻ സനൽകുമാർ ജി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഇമ്മാനുവൽ ജോർജ് | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്യാമകുമാർ ബി | എസ് സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2022 | 03-07-2022 |
| സോജൻ പി എം | എസ് സി ഡെവലപ്മെന്റ് ഓഫീസർ | 04-07-2022 | 31-03-2023 |
| ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 01-04-2022 | 17-09-2022 |
| ദിലീപ് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 18-09-2022 | 31-03-2023 |
| കവിത വി ജെ | അസി.ഡയറക്ടർ,കൃഷി | 01-04-2022 | 31-03-2023 |
| ഡോ.ഓമന കെ കെ | മെഡിക്കൽ ഓഫീസർ , തോട്ടയ്ക്കാട് സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ, സചിവോത്തമപുരം സി എച്ച് സി | 01-04-2022 | 26-04-2022 |
| ഡോ. ഗോപകുമാർ ജി | മെഡിക്കൽ ഓഫീസർ , | 27-04-2022 | 31-07-2022 |

| | | | |
|---|---|---|---|
| | സചിവോത്തമപുരം സി എച്ച് സി | | |
| ഡോ. മിന്റോ മാർക്കോസ് | മെഡിക്കൽ ഓഫീസർ , സചിവോത്തമപുരം സി എച്ച് സി | 01-08-2022 | 30-09-2022 |
| ഡോ. ജയന്തി സജീവ് | മെഡിക്കൽ ഓഫീസർ , സചിവോത്തമപുരം സി എച്ച് സി | 01-10-2022 | 31-03-2023 |
| ഡോ. വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ , അയർക്കുന്നം സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അനുഷ് എസ് | മെഡിക്കൽ ഓഫീസർ , പനച്ചിക്കാട് എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അഭിരാജ് എസ് | R M O, ഹോമിയോ ഹോസ്പിറ്റൽ കുറിച്ചി | 01-04-2022 | 31-03-2023 |
| ഉഷാറാണി കെ | സി ഡി പി ഒ | 01-04-2022 | 31-03-2023 |
| സിജു സി വി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 19-07-2022 |
| സാബുന്നിസ എ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 20-07-2022 | 31-03-2023 |
| ഡോ. മായ ജെയിംസ് | സീനി.വെറ്ററിനറി സർജൻ, പരിയാരം പൊളി ക്ലിനിക്ക് | 01-04-2022 | 23-01-2023 |
| ഡോ. ഡി ദീപു | സീനി.വെറ്ററിനറി സർജൻ, പരിയാരം പൊളി ക്ലിനിക്ക് | 24-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല. | 1-1-5 |
| 7 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-8 |
| 10 | ജില്ലാപഞ്ചായത്ത് വിഹിതം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-9 |
| 11 | ആസ്തികൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. | 1-1-10 |
| 12 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-11 |
| 13 | ഗുണഭോക്തൃവിഹിതമായി  ഉൾപ്പെട്ടിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | ഗ്രാമപഞ്ചായത്ത് വിഹിതമായി തൻവർഷം ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |

| | | |
|---|---|---|
| 20 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 21 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വാടക ഈടാക്കുന്നതിലെ അപാകതകള്‍ | 1-11 |
| 25 | വിവിധ കെട്ടിട നിര്‍മ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചു നീക്കിയ സാധന സാമഗ്രികളുടെ ലേലനടപടികള്‍ സ്വീകരിക്കേണ്ടതാണ് | 1-12 |
| 26 | ഇ-ടെണ്ടര്‍ ഫീസ് തനത് ഫണ്ടില്‍ ലഭ്യമായിട്ടില്ല | 1-13 |
| 27 | ബയോമെട്രിക് പഞ്ചിംഗ് മെഷീന്‍ സ്ഥാപിച്ചതിന്റെ വിവരങ്ങള്‍ ലഭ്യമാക്കിയില്ല | 1-14 |
| 28 | ചാന്നാനിക്കാട് - വീപ്പനടി പാടശേഖര സമിതിക്ക് പെട്ടി പറ മോട്ടോര്‍ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 29 | നെല്‍ കൃഷിക്ക് കൂലിചെലവ് സബ്സിഡി - പദ്ധതി രേഖകള്‍ പൂര്‍ണ്ണമല്ല | 1-16 |
| 30 | ജിഎസ് ടി- സ്രോതസ്സില്‍ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല | 1-17 |
| 31 | നിക്ഷേപപ്രവര്‍ത്തികള്‍ക്ക് നല്‍കിയ തുകകള്‍ പ്രവൃത്തിമാറ്റാനുള്ള കമ്മറ്റി തീരുമാനം -ക്രമപ്രകാരമല്ല | 1-18 |
| 32 | പുതിയ വാഹനം വാങ്ങിയതിന് ശേഷവും പഴയ വാഹനത്തിന്റെ ലേല നടപടികള്‍ പൂര്‍ത്തിയായില്ല | 1-19 |
| 33 | നിക്ഷേപ/വിഹിതം കൈമാറല്‍ പ്രവര്‍ത്തികള്‍-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 34 | വിവിധ മരാമത്ത് പ്രവൃത്തികള്‍ - സ്ഥല പരിശോധന നടത്തി അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തില്‍ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നില്ല | 1-21 |
| 35 | മുട്ടാര്‍ കുടിവെള്ള പദ്ധതി - തുടര്‍ പ്രവര്‍ത്തനങ്ങള്‍ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-22 |
| 36 | ഭിന്നശേഷിക്കാരായ വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 37 | പഞ്ചായത്ത് ഫണ്ടിലവശേഷിക്കുന്ന അനുപൂരകപോഷകാഹാരം കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-24 |
| 38 | സ്കൂളുകള്‍ക്ക് ഷീപാഡ് വിതരണം - ഷീ പാഡുകള്‍ പൂര്‍ണ്ണമായും വിതരണം ചെയ്തു വിവരം ലഭ്യമല്ല | 1-25 |
| 39 | സി എച്ച് സി തോട്ടയ്ക്കാട് - മരുന്നു /ഉപകരണങ്ങള്‍ ലഭ്യമായില്ല | 1-26 |
| 40 | ഡയറി എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ നടപ്പാക്കിയ പ്രൊജക്ടുകള്‍ - ഫയല്‍ സൂക്ഷിപ്പില്‍ അപാകതകള്‍ | 1-27 |

| | | |
|---|---|---|
| 41 | അയർക്കുന്നം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന RRF – പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 42 | അയർക്കുന്നം സി എച്ച് സിക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. .പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 01.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ

പത്രികയോടൊപ്പം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന വിവിധങ്ങളായ അനുപാത സൂചകങ്ങൾ (റേഷ്യോസ്) ലഭ്യമാക്കിയില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം സാധ്യമായിട്ടില്ല.

1-1-2 പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 57 പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല. നിലവിൽ അനുവർത്തിക്കുന്ന ബാങ്ക് റീകൺസിലിയേഷൻ നടപടികൾ ബാങ്ക് ബുക്ക്- പാസ്സ്ബുക്ക് ബാലൻസുകൾ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കാൻ പര്യാപ്തമല്ല.

1-1-3 വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 (3 എ) പ്രകാരം വാടക വരവിന്റെ 2022-23 ഡി.സി.ബി., കുടിശിക ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ., 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-5 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല.

തൻവർഷം വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ 4215860/-രൂപ അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

1-1-6 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി ലഭിച്ച 630000 രൂപയിൽ 63931 പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിലും മേൽ തുക ബി 4 ഷെഡ്യൂളിൽ ബാധ്യതയായി പ്രതിഫലിച്ചിട്ടില്ല.

1-1-7 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ പ്രോജക്ടുകളിലൂടെ തൻവർഷം വാങ്ങൽ നടത്തിയ ഉപകരണങ്ങൾ/ഫർണീച്ചറുകൾ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നം 170/23 (എസ് സി ഡി ഒ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും), പ്രോജക്ട് നം 181/23(എസ് സി ഡി ഒ ഓഫീസിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ), പ്രോജക്ട് നം 184/23 (ഓൾഡ് ഏജ് ഹോമിലേയ്ക്ക് കമ്പ്യൂട്ടർ മോണിട്ടർ, ഫോട്ടോകോപ്പിയർ വാങ്ങൽ) തുടങ്ങിയ

പ്രോജക്ടുകളിലൂടെ വാങ്ങൽ നടത്തിയ ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ആവശ്യമായ പുതുക്കൽ (Updation) നടത്തിയിട്ടുമില്ല.

1-1-8 പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

31/03/2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

1-1-9 ജില്ലാപഞ്ചായത്ത് വിഹിതം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

320700204 എന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം അക്കൗണ്ട് ചെയ്യുന്നതിനുള്ള ശീർഷകത്തിൽ PMAY ജില്ലാപഞ്ചായത്ത് വിഹിതം തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ജില്ല പഞ്ചായത്ത് വിഹിതം അക്കൗണ്ട് ചെയ്യുന്നതിനുള്ള ശീർഷകത്തിലായിരുന്നു ടി തുക അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

1-1-10 ആസ്തികൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ തുടങ്ങിയവ ആസ്തിയായി ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്നു. ഭൂമിയുടെ മൂല്യം(Land) 31/03/2023 വരെയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

1-1-11 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-12 ഗുണഭോക്തൃവിഹിതമായി ഉൾപ്പെട്ടിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഗുണഭോക്തൃവിഹിതമായി ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന 62778 രൂപയിൽ മുന്നിരിപ്പായ 1778 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1-1-13 ഗ്രാമപഞ്ചായത്ത് വിഹിതമായി തൻവർഷം ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിവിധ ഗ്രാമപഞ്ചായത്ത് വിഹിതം വാർഷിക ധനകാര്യപത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 19.06.2023 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സംക്ഷിപ്തം |
|---|---|
| മുന്നിരിപ്പ് | 4037664 |
| വരവ് | 215762717 |
| ആകെ | 219800381 |
| ചെലവ് | 218703000 |
| നീക്കിയിരിപ്പ് | 1097381 |

തൻവർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 21.57 കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 6.01 കോടി രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 21.87 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 6.04 കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിപുലമായ തയ്യാറെടുപ്പുകളോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിന് സമാഹരണത്തിനുമുള്ള ശാസ്ത്രീയമായ ഒരു ഉപകരണം (Tool) എന്ന രീതിയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനുമാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

1-3 ) സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4534583 |
| ഓഡിറ്റ് വർഷത്തെ വരവ് | 67904077 |
| ആകെ | 72438660 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68663372 |
| നീക്കിയിരിപ്പ് | 3775288 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18048030 |

2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 60115878 |
| ആകെ ചെലവ് | 60448937 |
| വരുമാനമിച്ചം/പ്രവർത്തന നഷ്ടം | 333059 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) പ്രകാരം കുറവു ചെയ്തത് | 739520 |
| അറ്റ വരുമാനമിച്ചം/അറ്റ പ്രവർത്തന നഷ്ടം | 1072579 |

## 1-4 ഗ്രാന്റ് വിനിയോഗം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25659000 | 25659000 | 22340710 | 3318290 | 87 |
| വികസന ഫണ്ട്-SCSP | 0 | 12210000 | 12210000 | 10273418 | 1936582 | 84 |
| വികസന ഫണ്ട്- TSP | 0 | 326000 | 326000 | 326000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ** | 284051 | 4348939 | 4632990 | 4145591 | 487399 | 90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2574234 | 7154655 | 9728889 | 6762296 | 2966593 | 70 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road * | 0 | 6536000 | 6536000 | 6517667 | 18333 | 99 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 15802 | 478 | 16280 | 0 | 16280 | - |
| സംയുക്ത പ്രോജക്ട് ഗ്രാമപഞ്ചായത്ത് | 0 | 617071 | 617071 | 617071 | 0 | - |
| സംയുക്ത പ്രോജക്ട് ജില്ലാപഞ്ചായത്ത് | 0 | 2450410 | 2450410 | 2450410 | | - |
| പി എം എ വൈ | 14547 | 440 | 14987 | 0 | 14987 | - |

* സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ 08.04.22 ലെ സ.ഉ(സാധാ)നം.2862/2022/ധന. ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി 7505000 രൂപ അനുവദിച്ചിരുന്നു. എന്നാൽ 05.09.2022 ലെ സ.ഉ(സാധാ)നം.6267/2022/ധന. ഉത്തരവ് പ്രകാരം 3147667 രൂപ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിട്ടുണ്ട്. തുടർന്ന് 05.12.2022ലെ സ.ഉ(സാധാ)നം.8253/2022/ധന. ഉത്തരവ് പ്രകാരം മൂന്നാം ഗഡുവായി 2178667 രൂപയും അനുവദിച്ചു. ആയതിനാൽ സംരക്ഷണ ഗ്രാന്റ് -റോഡിതരത്തിലുള്ള തൻ വർഷത്തെ യഥാർത്ഥ വരവ് 6536000 രൂപയാണ്(7505000-3147667+2178667).

**07.06.2022 ലെ സ.ഉ(സാധാ)നം.4228/2022/ധന. ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ അലോട്ട്മെന്റായ 252483 രൂപ വാർഷിക ധനകാര്യ പത്രിക, എ സി ആർ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 90482 /- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പൂർണ്ണമല്ല. മേൽ ബാങ്ക് അക്കൗണ്ടിലെ 31/03/2023 ലെ നീക്കിയിരിപ്പ് 3000699 രൂപയാണ് (വാർഷിക ധനകാര്യപത്രിക ആർ പി 40 ബി പ്രകാരം). ആയത് സർക്കാർ ഉത്തരവുകൾ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1. സർക്കാർ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന 2022-33 ലെ ഗ്രാന്റ് പത്രിക(Grant Statement) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ടി ഫണ്ടുകളുടെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല.

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും കണക്ക് സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യവർദ്ധനവ് ഉറപ്പാക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നൈപുണ്യം വികസിപ്പിക്കുക എന്നീ

ലക്ഷ്യങ്ങളോടെ വിഭാവനം ചെയ്ത 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 4-11-2022ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ I(1).-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023 ലെ 82898/22/DPC/DPO /KTMനം.ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 24 സ്പിൽഓവർ പ്രോജക്ടുകളും 115 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 139 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,32,69,544/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 06-05-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 17-05-2022 |
| ബ്ലോക്ക് ഗ്രാമസഭ | 06-06-2022 |
| വികസനസെമിനാർ | 09-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 04-11-2022 |

<u>പദ്ധതിനിർവ്വഹണം</u>

അംഗീകാരം ലഭിച്ച 139 പ്രോജക്ടുകളിൽ 111 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 5,65,76,703/- രൂപയാണ്. ചെലവ് 68%. തനത്ഫണ്ട് ചെലവുതുകകൾ വെബ്സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ് വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിശക് മൂലം വാർഷിക ചെലവ് പത്രിക പ്രകാരമുള്ള ചെലവു ശതമാനം കുറയുന്നതിനിടയായി. ചെലവ് ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കി ഫണ്ട് ലാപ്സാകുന്നത് മൂലമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്. വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 10,00,000 | 10,00,000 | 100 |
| സിഡിപിഒ | 4 | 3 | 26,30,000 | 1983373+ 566069 | 97 |
| സെക്രട്ടറി | 49 | 36 | 31157926 | 21893671 | 70 |
| ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ, | 7 | 5, | 2459700 | 1491551 | 61 |
| എസ് സി ഡി ഒ | 4 | 4 | 2742000 | 2736853 | 99 |
| മെഡിക്കൽ ഓഫീസർ, സിഎച്ച്സി | 9 | 8 | 3260950 | 2915050 | 89 |
| മെഡിക്കൽ ഓഫീസർ, | 5 | 5 | 2786000 | 2655539 | 95 |

| | | | | | |
|---|---|---|---|---|---|
| ഗവ.ഹോസ്പിറ്റൽ | | | | | |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 4 | 3255000 | 3255000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 5 | 5747200 | 2726989 | 47 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2800000 | 908250 | 32 |
| സൂപ്രണ്ട്, സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനം | 3 | 2 | 479000 | 77139 | 16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 34 | 24951768 | 14933288 | 60 |
| ആകെ | 139 | 111 | 83269544 | 56576703 | 68 |

അസിസ്റ്റന്റ് എഞ്ചിനീയർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ട് അടങ്കലിന്റെ 60% ൽ താഴെ മാത്രമേ തുക ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. തിരുവഞ്ചൂർ ഓൾഡ് ഏജ് ഹോം സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ആകെ അടങ്കലിന്റെ കേവലം 16% തുക മാത്രമാണ് വിനിയോഗിച്ചത്. ആയത് ആകെ ചെലവിൽ സാരമായ കുറവ് വരുത്തിയിട്ടുണ്ട്.

സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/വിഹിതം കൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതിബോർഡ്, വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും വിശദമായ പഠനം നടത്താതെയുമാണ് പ്രോജക്ടുകൾ നടപ്പാക്കിയത്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൻവർഷത്തെ സാമ്പത്തിക ലക്ഷ്യത്തിലും (Financial Target) തുലോം കുറവായ ഭൗതിക ലക്ഷ്യം (Physical Target) മാത്രമാണ് കൈവരിക്കാൻ സാധിച്ചത്.

സഞ്ചിതനിധിയിലേയ്ക്ക് 57.26 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 3318290 |
| വികസന ഫണ്ട്-SCSP | 1936582 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- | 453293 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road * | 18333 |
| ആകെ | 5726498 |

തുടർന്നുള്ള വർഷങ്ങളിൽ ലാപ്സായ തുക ക്യാരി ഓവർ വിഹിതമായി കിട്ടിയില്ലായെങ്കിൽ ഫണ്ടുകൾ

പൂർണ്ണമായി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. കഴിയുന്നതും പ്രാവർത്തികമാക്കാവുന്നതും പ്രയോജനപ്രദവുമായ പ്രോജക്ടുകൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത് ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ടുകൾ പ്രകാരമുള്ള ഭൗതികലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ വിശകലനം ചെയ്യാൻ സാധിച്ചിട്ടില്ല. ആധികാരികമായ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണ പത്രവും പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തിരുവഞ്ചൂരിൽ സ്ഥിതിചെയ്യുന്ന സർക്കാർ വൃദ്ധസദനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന് 10 ലക്ഷം രൂപ ബി-ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചു. 2021-22 വർഷം 9,99,995/- രൂപ ഈയിനത്തിൽ ചെലവഴിച്ചു. മിശ്ര വിവാഹ ധനസഹായമായി 60,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2023 തീയതിയിൽ 3.15 പി.എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേദിവസം ക്യാഷ് വരവ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം

കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമഗ്രമായ രീതിയിൽ തയ്യാറാക്കപ്പെടുന്നില്ല. സ്ഥല പരിശോധന നടത്തി ശരിയായ അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടാത്തതിനാൽ മുൻഗണനാക്രമം പാലിച്ചുള്ള നിർവ്വഹണത്തിലും ഭൗതികനേട്ടം ആർജ്ജിക്കുന്നതിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.07.2023 | 2021-2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2016 | 2013-14, 2014-15 | No.OA/HQ/II/II/12-328 /15-16/732 Dtd 24.02.2016 |

1-11 വാടക ഈടാക്കുന്നതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ പരിപാലിക്കുന്ന വാടക രജിസ്റ്റർ പരിശോധിച്ചതുപ്രകാരം 4 എണ്ണം കടമുറികൾ ആണ് 2022-23 വർഷം കുത്തകക്കാർക്ക് വാടകയ്ക്ക് നൽകിയിരിക്കുന്നത്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികൾക്ക് താഴെപ്പറയും പ്രകാരം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക | | | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| | | | നിരക്ക് | SGST +CGST | ആകെ | | |
| 1 | ചൈതന്യ എസ്.എച്ച്.ജി | 18/269 | 650 | 118 | 768 | 2019 നവംബർ – 2020 മാർച്ച്, 2020 ജൂലൈ -2023 മാർച്ച് | 768*38= 29,184/- |
| 2 | മഹാത്മാഗാന്ധി യുവജന ക്ഷേമ സംഘം | - | 100 | 18 | 118 | 2019 ഓഗസ്റ്റ് - 2023മാർച്ച് | 118*44= 5192/- |
| 3 | കുടുംബശ്രീ കാന്റീൻ | - | 650 | 118 | 768 | 2022 ജൂൺ - 2023 മാർച്ച് | 768*10= 7680/- |
| ആകെ | | | | | | | 42,056/- |

2. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി വ്യക്തമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കുറഞ്ഞത്

200 രൂപയുടെയെങ്കിലും മുദ്രപ്പത്രത്തിലാണ് വാടക കരാർ ചമയ്ക്കേണ്ടിയിരുന്നത്. കുത്തകക്കാരുമായി കരാർ ചമയ്ക്കാതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് 800/- രൂപ (200*4) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെ വാടകയ്ക്ക് മുറികൾ നല്കുന്നതിനാൽ വാടകക്കാർക്കെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. വാടക കരാറിന്റെ അഭാവത്തിൽ വാടകയിലെ വാർഷിക വർദ്ധനവ്, പിഴ, മുറികൾക്ക് നാശനഷ്ടങ്ങൾ വരുത്തിയാൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വ്യവസ്ഥകളിൽ അവ്യക്തതയും കരാർ ലംഘനത്തിന് വാടകക്കാരനെതിരെ കോടതി നടപടികൾ സ്വീകരിക്കേണ്ടി വന്നാൽ നിയമ പിൻബലമില്ലാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗം ദുർബലമാകുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തേക്കാം. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാതെ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട് .

3. വാടകയ്ക്ക് എടുത്തിരിക്കുന്ന കടമുറികൾ മുൻകാലങ്ങളിൽ ലേലത്തിൽ പോയിട്ടുള്ളവയാണ്. ഓരോ വർഷവും 5% വാർഷിക വർദ്ധനവ് വാടകയിൽ വരുത്തുന്നില്ല. കടമുറികൾ അവസാനമായി ലേലം നടന്ന വർഷത്തെക്കുറിച്ചും വ്യക്തതയില്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 256 വകുപ്പ് പ്രകാരം വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടകയുടെ ബന്ധപ്പെട്ട ബൈലോ നിലവിലില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/14.07.23) ലഭ്യമാക്കിയില്ല. വാടക കുടിശ്ശികയുള്ള കുത്തകക്കാരെ ഓരോ സാമ്പത്തിക വർഷവും കുടിശ്ശിക ഈടാക്കാതെ ഇപ്രകാരം തുടരാൻ അനുവദിക്കുന്നതും വാടക ഈടാക്കാതിരിക്കുന്നതും ക്രമപ്രകാരമല്ല. കടമുറികൾ വാടകയ്ക്കെടുത്തിരിക്കുന്ന കുത്തകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതും വാടക കുടിശികയുള്ളവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 വിവിധ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ച നീക്കിയ സാധന സാമഗ്രികളുടെ ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്

അസി. എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം വിവിധ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ച നീക്കിയ സാധന സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ലേല നടപടികളിലൂടെ ആയവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് | സർവ്വേ റിപ്പോർട്ട് പ്രകാരം സാധന സാമഗ്രികൾ | സർവ്വേ റിപ്പോർട്ട് പ്രകാരം തുക |
|---|---|---|---|
| 1 | 162/23 , പള്ളം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം | 1. Anjili Wood Scantis For Window Frames | 3071.54 |
| | | 2. Anjili Wood Scantis For Window Shutter | 2492.87 |
| | | 3.Float Glass Sheet Of Thickness 4cm | 304.7 |
| | | 4.steel Work For Grill | 7487.55 |
| | | 5.Rolling Shutter | 6260.08 |
| | | 6.0.35 Mm Gl Roofing Sheet | 14034.04 |

| | | | |
|---|---|---|---|
| 2 | 134/23, ക്ഷീര വികസന ഓഫീസ് കെട്ടിട നിർമ്മാണം | Pipe And Tubular Section | 19087 |
| 3 | 171/23, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം | Powder Coated Aluminiumsections | 6331.50 |
| | | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പൊളിച്ച് നീക്കിയ Asbestos Sheet, Window Shutter (24 എണ്ണം + 2) എന്നിവയുടെ സർവ്വേ റിപ്പോർട്ട് ഫയലിൽ ലഭ്യമായില്ല. ആയതിന്റെ റിപ്പോർട്ട് അസി.എഞ്ചിനീയർ തയ്യാറാക്കി ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്. | |

## 1-13 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭ്യമായിട്ടില്ല

2022-23 ൽ പള്ളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെൻണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീസായി 51225 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായെങ്കിലും ആയത് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഇ-ടെണ്ടർ ഫീസായി ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും കൃത്യമായി ക്ലെയിം ചെയ്തിട്ടുണ്ടോയെന്നത് രേഖകളുടെ അപര്യാപ്തത മൂലം പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഇ-ടെണ്ടർ ഫീയോടൊപ്പം നിശ്ചിത നിരക്കിൽ ഈടാക്കുന്ന ജി.എസ്.റ്റി തുക നിയമാനുസൃത സമയപരിധിക്കുള്ളിൽ നിശ്ചിത ശീർഷകത്തിൽ അടവാക്കുന്നുണ്ടോയെന്നും ജി.എസ്.റ്റി നിയമ പ്രകാരം നിശ്ചിത കാലയളവുകളിൽ സമർപ്പിക്കുന്ന റിട്ടേണിലൂടെ സെക്രട്ടറി ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ടോയെന്നും വ്യക്തമല്ല. ടെണ്ടർ ഫീ പഞ്ചായത്ത് തനത് ഫണ്ടിലേക്കും ഇതിൽ ജി.എസ്.റ്റി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നിശ്ചിത ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം ലഭ്യമാക്കേണ്ടതും ഇത് സംബന്ധമായി നിലനിൽക്കുന്ന അവ്യക്തത പരിഹരിച്ച് ആധികാരികമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ബയോമെടിക് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 179/23, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോമെടിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ |
| ചെലവ് | 26877 |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെക്ക് നം./തീയതി | 197368/18.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പള്ളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോമെടിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും 100000 രൂപ വകയിരുത്തുകയും 26877 രൂപ മുൻകൂറായി കെൽട്രോണിന് തൻവർഷം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെഷീൻ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മെഷീൻ ലഭ്യമായി ആയത് സ്ഥാപിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/14.07.23) മറുപടി ലഭ്യമാക്കിയില്ല. മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതും മെഷീന്റെ ബില്ലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-15 ചാന്നാനിക്കാട് - വീപ്പനടി പാടശേഖര സമിതിക്ക് പെട്ടി പറ മോട്ടോർ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 104/23, പാടശേഖര സമിതികൾക്ക് ജലസേചന സൗകര്യം ഉറപ്പ് നൽകുക |
| അടങ്കൽ | 20,45,663/- |
| ചെലവ് | 20,45,663/- |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| ബിൽ നം./തീയതി | 87/18.11.22 – 7,79,288/-<br>91/22.11.22 – 8,73,860/-<br>145/30.12.2022 – 3,92,515 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

കേരളത്തിൽ നെൽ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന ഒരു സംവിധാനമാണ് പെട്ടിയും പറയും. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ പാടശേഖരങ്ങളിൽ വെള്ളം കയറ്റിയും, ഇറക്കിയും ജല നിരപ്പ് നിയന്ത്രിച്ച നിർത്തുന്നതിനാണ് പെട്ടിയും പറയും ഉപയോഗിക്കുന്നത്. പള്ളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തുന്നതിനായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 പാടശേഖരങ്ങൾക്കായി പെട്ടി പറയും, മോട്ടോറും പെരുമാശേരിൽ ഇൻഡസ്ട്രീസ്, വൈക്കം എന്ന സ്ഥാപനം മുഖേന വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ കരിങ്കണ്ടം, ചാന്നാനിക്കാട് - വീപ്പനടി, മാങ്ങാനം - വടക്കുപുറം പാടശേഖര സമിതികൾക്ക് മോട്ടോർ, പെട്ടി പറ എന്നിവയും നീറിക്കാട്, വലമറ്റം പാടശേഖര സമിതികൾക്ക് മോട്ടോറുമാണ് ലഭ്യമാക്കിയത്. 40 Hpയുടെ പെട്ടി പറയും മോട്ടോറുമാണ് ചാന്നാനിക്കാട് - വീപ്പനടി പാടശേഖരത്തിന് വാങ്ങി നൽകിയിരിക്കുന്നത്. പെരുമാശ്ശേരിൽ ഇന്ഡസ്ട്രീസിന്റെ ഇൻവോയിസുകൾ പ്രകാരം (Invoice No.03/30.10.2022, Invoice No.09/29.12.2022) പ്രസ്തുത പാടശേഖരത്തിനുള്ള പെട്ടി പറയ്ക്കും, മോട്ടോറിനും അനുബന്ധ സാമഗ്രികൾക്കുമായി 8,20,515/- രൂപ ചെലവഴിച്ചി ട്ടുണ്ട്. ചാന്നാനിക്കാട് പാടശേഖര സമിതി സെക്രട്ടറി 30.10.2022 തീയതിയിൽ പെട്ടിയും പറയും 29.12.2022 തീയതിയിൽ മോട്ടറും അനുബന്ധ ഉപകരണങ്ങളും കൈപ്പറ്റിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.07.2023 ൽ പദ്ധതി പ്രദേശത്ത് പ്രാദേശിക പരിശോധന നടത്തിയപ്പോൾ നിലവിൽ പാടശേഖരം കൃഷി ചെയ്യാതെ തരിശായി കിടക്കുന്നതായും, പാടശേഖരത്തിന്റെ ബണ്ട് പലയിടത്തും തകർന്നു കിടക്കുന്ന അവസ്ഥയിലുമാണ് കാണപ്പെട്ടത്. 40 വർഷമായി കൃഷി ചെയ്യാതെ തരിശ് കിടക്കുകയായിരുന്ന 150 ഏക്കറോളം വിസ്തൃതിയുള്ള പാടശേഖരത്തിൽ 2019-20, 2020-21 സീസണുകളിൽ കൃഷി ഇറക്കിയിരുന്നു. 2019-20 വർഷം കൊയ്ത്തുതുടങ്ങിയ പാടശേഖരത്തിൽ മടവീഴ്ച മൂലം വെള്ളം കയറുകയും വിള നശിക്കുകയും ചെയ്തു. രണ്ടാം വർഷം 30 ഏക്കറോളം നിലം കൊയ്തിട്ടെങ്കിലും വീണ്ടും മടവീഴ്ച ഉണ്ടാവുകയും കൊയ്തിട്ടിരുന്ന നെല്ല് ഉൾപ്പടെ നശിച്ചുപോവുകയും ചെയ്തു. വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുകയായിരുന്ന പാടശേഖരത്തിന്റെ ബണ്ടുകൾക്ക് ബലക്ഷയമുള്ളതിനാലാണ് മടവീഴ്ച മൂലം രണ്ടു തവണയും കൃഷി നശിക്കുന്ന സാഹചര്യമുണ്ടായത്. ആയതിനാലാണ് പിന്നീട് കൃഷി ഇറക്കാതിരുന്നതെന്ന് വ്യക്തമാണ്. പെട്ടിയും പറയും ലഭ്യമായതിനു ശേഷം പാടശേഖരത്തിൽ പുതു കൃഷി നടത്തിയിട്ടില്ല. രണ്ട് തവണ കൃഷിയിറക്കിയതും പുതിയ പെട്ടി പറയും, മോട്ടോറും ബ്ലോക്കിൽ നിന്നും ലഭ്യമാവുന്നതിന് മുൻപായിരുന്നു.

പാടശേഖരത്തിലെ മോട്ടോർ ഷെഡ് മുതൽ വീപ്പനടി ഭാഗത്തേയ്ക്കുള്ള 500 മീറ്ററോളം ഭാഗത്തെ പുറം ബണ്ടിനാണ് കൂടുതൽ ബലക്ഷയമുള്ളത്. ബണ്ടുകൾ പൊളിഞ്ഞ് പാടത്തിൽ വെള്ളം കയറുന്നതുമൂലം വിളവെടുപ്പ് സമയമാകുമ്പോൾ കൃഷി നശിച്ചുപോവുന്ന സാഹചര്യമാണ് നിലവിലുള്ളത്. ബണ്ട് ബലപ്പെടുത്തിയെങ്കിൽ മാത്രമേ പാടശേഖരത്തിൽ കൃഷി വിജയകരമാവുകയുള്ളൂ എന്നത് വ്യക്തമാണ്. ആയതിനാൽ ബണ്ടുകൾ ബലപ്പെടുത്തിയതിനുശേഷം മാത്രമായിരുന്നു ജലസേചന സൗകര്യം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാങ്ങി നൽകേണ്ടിയിരുന്നത്. നെൽകൃഷിക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് മുൻഗണന നൽകാതെ പ്രോജക്ട് നടപ്പാക്കിയതിനാൽ 820575/-രൂപ ചെലവഴിച്ച് സ്ഥാപിച്ച പെട്ടിയും പറയും മോട്ടറും പ്രയോജനപ്പെടാത്ത അവസ്ഥയിലാണുള്ളത് .

2. ടി പാടശേഖരത്തിൽ മോട്ടോർ പുര സ്ഥാപിച്ചിരിക്കുന്നത് ചൂരവേലി - വീപ്പനടി തോടിനോട് ചേർന്നാണ്. പ്രാദേശിക പരിശോധന നടത്തിയപ്പോൾ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കുവാൻ സാധിക്കാത്തവിധം വെള്ളക്കെട്ടിലാണ് മോട്ടോർപുര സ്ഥിതി ചെയ്യുന്നത്. ചുറ്റിനും പടുത വലിച്ചുകെട്ടിയ ഷെഡാണ് മോട്ടോർപുരയായി ഉപയോഗിക്കുന്നത്. പടുതയുടെ ഇടയിലൂടെ ഓരു വെള്ളം കയറി ഷെഡിന്റെ തറ ഭാഗം വെള്ളത്തിൽ മുങ്ങിയ നിലയിലാണ്. പെട്ടി പറയുടെ 'വാച്ചാൽ' പ്രത്യേകമായി നിർമ്മിക്കേണ്ടതിന് പകരം തോട് തന്നെ വാച്ചാൽ ആയി ഉപയോഗിക്കുകയും 'പറക്കുഴി' തോടിന്റെ നടുഭാഗത്ത് കുഴിച്ചിരിക്കുന്നതായുമാണ് മനസ്സിലാക്കുന്നത്. മോട്ടോർപുരയുടെ തറ കെട്ടിപ്പൊക്കാതെ തോട് നിരപ്പിൽ തന്നെ നിലനിർത്തിയതുമൂലമാണ് മോട്ടോർപുരയിൽ വെള്ളം കയറിക്കിടക്കുന്നത്. മോട്ടോറും അനുബന്ധ ഉപകരണങ്ങളും വെള്ളം കയറി തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലാണുള്ളത്. സ.ഉ.(കൈ)നം.115/2022/LSGD തീയതി: 28.05.2022 പ്രകാരം മോട്ടോറിന് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്പണി പാടശേഖര സമിതി തന്നെ നടത്തേണ്ടതാണെന്ന് വ്യവസ്ഥയുള്ളതാണ്.







3. പെട്ടി /പറ മോട്ടോർ സ്ഥാപിക്കലിന് ജില്ലാതല വിദഗ്ധസമിതി നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ് അടിസ്ഥാനമാക്കിയാണ് സബ്സിഡി നൽകാവുന്നത്. കോട്ടയം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ (ജില്ലാ കളക്ടർ) 16/6/22ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തേയ്ക്ക് 50 Hp പെട്ടിയും പറയ്ക്കും 3 ലക്ഷം രൂപയും 40 Hp ഇലക്ട്രിക് മോട്ടോർ ആക്സസറീസിന് 65000/- രൂപയും യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ 100% തുക സബ്സിഡിയായി പടശേഖരം സമിതികൾക്ക് നൽകാവുന്നതാണ്. ഇപ്രകാരം യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്താതെ ഉപകരണങ്ങൾ വാങ്ങി നൽകിയതായി കാണുന്നു. ജില്ലാ ആസൂത്രണ സമിതിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ സ്പഷ്ടീകരണം തേടി അധിക തുക തിരിച്ചടച്ച്/ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4. മോട്ടോർ ഇൻസ്റ്റലേഷൻ മോണിറ്ററിങ് റിപ്പോർട്ട്, പാടശേഖര സമിതിയുടെ മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 21/16.07.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും പാടശേഖരത്തിന് പെട്ടി പറ, മോട്ടോർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയത് നാളിതുവരെയും പ്രയോജനപ്രദമാകാത്ത സാഹചര്യം തുടരുന്നതിനാലും 8,20,515/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി - പദ്ധതി രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | നെൽ കർഷകർക്ക് കൂലിചെലവ് സബ്സിഡി -96/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| അടങ്കൽ തുക | 604337/- (വികസന ഫണ്ട് -ജനറൽ) |
| ചെലവഴിച്ച തുക | 604337/- |
| ബിൽ നം./തീയ്യതി/തുക | 206/14.02.2023 – 604337/- |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് കൂലിചെലവ് പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 630 ഗുണഭോക്താക്കൾക്കായി നെൽ കൃഷി കൂലിചെലവായി 6,04,337/- രൂപ നൽകിയിട്ടുണ്ട്. പള്ളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പനച്ചിക്കാട്, അയർക്കുന്നം, പുതുപ്പള്ളി, കുറിച്ചി കൃഷിഭവനുകളിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ പരാമർശിക്കുന്നു.

1. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ADAKTM.8/2022 തീ: 13.02.2023 നം. ഉത്തരവ് പ്രകാരം 938 രൂപ/ഹെക്ടർ നിരക്കിൽ കൃഷി ഭൂമിയുടെ വിസ്തൃതിയെ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ കർഷകരുടെ അപേക്ഷകൾ, കൃഷിഭൂമിയുടെ വിസ്തൃതിയുടെ വിവരം എന്നിവ ഫയലിനൊപ്പം ലഭ്യമായില്ല.

2. സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി 28.05.2022 ഖണ്ഡിക 6.1 പ്രകാരം നെൽ കൃഷി കൂലിചെലവ് വാങ്ങുന്നതിനായി പ്രസ്തുത കർഷകർ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടച്ച് രസീതി ഹാജരാക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കർഷകർ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടച്ച് രസീതി ഹാജരാക്കിയിട്ടില്ല.

3. നെൽ കൃഷി കൂലിചെലവ് വാങ്ങുന്ന പ്രസ്തുത ഗുണഭോക്താക്കൾ കൃഷിവകുപ്പിൽ നിന്നും ഈയിനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് കൃഷിവകുപ്പിൽ നിന്നും ഈയിനത്തിൽ മറ്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 05/12.07.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-17 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല

സ.ഉ(അച്ചടി)നം87/2017തസ്വഭവ തീയതി 1.11.17 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2.5 ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്ന പ്രവർത്തികളുടെ ബിൽ തുക നൽകുന്നതിൽ നിന്നും 2%GST(TDS) കുറവ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം 63/23 ലൈബ്രറികൾക്ക് പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രവൃത്തിക്ക് വികസനഫണ്ടിൽ നിന്നും 3,25,727/-രൂപ ചെലവഴിച്ച് (ബിൽ നം 68/27-2-23) ആർട്ട് കോയിൽ നിന്നും വാങ്ങൽ നടത്തിയിരുന്നുവെങ്കിലും സ്രോതസിൽ നിന്നും കുറവ് ചെയ്യേണ്ട 2% GST ഈടാക്കിയിരുന്നില്ലായെന്ന് കാണുന്നു. ബിൽ തുകയിൽ നിന്നും സ്രോതസിൽ കുറവ് ചെയ്യേണ്ട തുകയായ 6515/-രൂപ ഈടാക്കി സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകകൾ പ്രവൃത്തിമാറ്റാനുള്ള കമ്മറ്റി തീരുമാനം -ക്രമപ്രകാരമല്ല

2022-23 വർഷം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കമ്മറ്റിയോഗങ്ങളിൽ ഭൂജലവകുപ്പിൽ മുൻവർഷങ്ങളിൽ വിവിധ പ്രോജക്ടുകൾക്കായി നിക്ഷേപിച്ച തുകകളിൻമേൽ ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.

1. കമ്മറ്റി തീരുമാനം നം 1/1 തീയതി 12-8-22 പ്രകാരം 2016-17 മുതൽ 2021-22 വരെ വിവിധ കുടിവെള്ള പ്രോജക്ടുകൾക്കായി ഭൂജല വകുപ്പിന് തുക നിക്ഷേപിച്ചവയിൽ പൂർത്തീകരിക്കാത്തവയ്ക്ക് വകയിരുത്തിയിരുന്ന തുക മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ തീരുമാനം

2. കമ്മറ്റി തീരുമാനം നം 1/4 തീയതി 19-01-23 പ്രകാരം പ്രോ നം 88/22-23 വാർഡ് 5, വിജയപുരം വലിയപാറ Sc കോളനി കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ കുഴിച്ചതിൽ വെള്ളം കിട്ടാതെ വന്ന സാഹചര്യത്തിൽ ടി പ്രവൃത്തി നിയമാനുസൃതം മറ്റൊരിടത്തേക്ക് മാറ്റുന്നതിന് ഭൂജലവകുപ്പിന് അനുമതി നൽകി തീരുമാനിച്ചു.

3. കമ്മറ്റി തീരുമാനം നം 1/3 തീയതി 27-02-23 പ്രകാരം 13-ാംവാർഡ് അംഗൻവാടിക്ക് ഭൂജലവകുപ്പ് കുഴൽകിണർ നിർമ്മിച്ചതിൽ വെള്ളം ലഭിക്കാത്തതിനാൽ പകരം ചാണഞ്ചേരി കുടിവെള്ള പദ്ധതിക് ഫിൽട്ടർ സ്ഥാപിക്കുന്നതിന് ബാലൻസ് തുക ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

4. കമ്മറ്റി തീരുമാനം നം 4/1 തീയതി 17-03-23 പ്രകാരം പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് മന്ദിരം കുടിവെള്ള പദ്ധതിയ്ക്കായി 6 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും വെള്ളം ലഭിച്ചില്ല. ഇതിൽ 1 ലക്ഷം രൂപ നീറിക്കാട് ഡിവിഷനിലേയ്ക്കും ബാക്കി തുക വെണ്ണാശ്ശേരി കുടിവെള്ളപദ്ധതിയ്ക്ക് മോട്ടോർ വാങ്ങൽ, മെയിന്റനൻസ് എന്നിവ ചെയ്യുന്നതിന് ഭൂജലവകുപ്പിന് അനുമതി നൽകി തീരുമാനം

പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും ഭൂജലവകുപ്പിൽ നിന്നും വിശദമായ എസ്റ്റിമേറ്റ്, കരാർ എന്നിവ ലഭ്യമാക്കാതെയും മറ്റ് പ്രവൃത്തികൾക്കായി തുക വകമാറ്റിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/15-7-23)ന് മറുപടി ലഭ്യമാക്കിയില്ല. ഈ രീതിയിൽ വകമാറ്റിയ തുകകൾ വിനിയോഗിച്ച് ഭൂജലവകുപ്പ് നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നോയെന്നും വിശദീകരിക്കപ്പെട്ടില്ല. മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകൾ പ്രവൃത്തി നടപ്പാക്കാത്ത പക്ഷം ഭൂജലവകുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതും തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.

2022-23 വർഷത്തെ വാർഷികകണക്കുകൾ B18 ഷെഡ്യൂൾ പ്രകാരം വിവിധ വർഷങ്ങളിലായി കെഎസ്ഇബിയിൽ 42,41,188/-രൂപ, വാട്ടർ അതോറിറ്റിയിൽ 24,95,000/-രൂപ, ഭൂജലവകുപ്പിൽ

1,24,07,541/-രൂപ അനർട്ടിൽ 19,20,60/-രൂപ വീതം വിവിധ നിക്ഷേപപ്രവൃത്തികൾക്ക് ചെലവഴിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നല്ലൊരുഭാഗം നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ശരിയായ മതിപ്പ് കണക്കാക്കാതെ ഭീമമായ തുക വിവിധ ഏജൻസികളിൽ നിക്ഷേപിക്കുകയും പ്രസ്തുത ചെലവ് വാർഷിക പദ്ധതി ചെലവിൽ ഉൾപ്പെടുത്തി ചെലവ് ശതമാനം കണക്കാക്കുകയും ചെയ്തതിന് ശേഷം ഇപ്രകാരം തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് ഉചിതമല്ല. 09.03.2023ലെ 38/23 ധന ഉത്തരവിലെ നിർദ്ദേശപ്രകാരം നിഷ്ക്രിയമായി അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

1-19 പുതിയ വാഹനം വാങ്ങിയതിന് ശേഷവും പഴയ വാഹനത്തിന്റെ ലേല നടപടികൾ പൂർത്തിയായില്ല

| | |
|---|---|
| പ്രൊ.നം | 78/22 |
| അടങ്കൽ | 13,00,000/-(തനത്ഫണ്ട്) |
| ചെലവ് | 10,35,601/-(ചെക്ക് 197356/20-2-23) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങലിനായി 10,35,601/- ചെലവഴിച്ചിരുന്നു. പ്രസിഡന്റ് ഉപയോഗിച്ച് വന്നിരുന്ന KL05AE 8959 നമ്പർ ഫോർഡ് ഫിയസ്റ്റകാറിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD മാവേലിക്കരയുടെ വാല്യുവേഷൻ പ്രകാരം 1,65,000/- മൂല്യം നിർണ്ണയിച്ചിരുന്നു. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 28-3-23ലെ LSGD/PD/19304/2023/GEB2 പ്രകാരം പഴയ വാഹനം കണ്ടം ചെയ്യുന്നതിന് സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ വാഹനം കണ്ടം ചെയ്യാൻ സാധിച്ചിട്ടില്ല. സ.ഉ.(കൈ)115/2022/28-5-2022 ഖ 8-2 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ പഴയവാഹനം കണ്ടം ചെയ്തതിന് ശേഷം പുതിയത് വാങ്ങുവാൻ സർക്കാർ അനുമതി ആവശ്യമില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഴയവാഹനം കയ്യൊഴിക്കാതെ പുതിയ വാഹനം വാങ്ങിയതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/14-7-23) മറുപടി ലഭ്യമായില്ല. പഴയ വാഹനം മൂന്ന് തവണ ലേലം നടത്തിയെങ്കിലും വാല്യുവേഷൻ തുക അധികമായതിനാൽ ആരും തന്നെ പങ്കെടുത്തിരുന്നില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. വാഹനം പുനർമൂല്യനിർണ്ണയം നടത്തുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD മാവേലിക്കരയോട് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. പുതിയ വാഹനം ലഭ്യമായിട്ടും പഴയ വാഹനത്തിന്റെ ലേല നടപടികൾ പൂർത്തിയായിട്ടില്ല. പ്രവർത്തനക്ഷമമായ വാഹനത്തിന്റെ അനിവാര്യത മൂലമാണ് പഴയ വാഹനത്തിന്റെ ലേലനടപടികൾ പൂർത്തിയാകുന്നതിന് മുമ്പ് തന്നെ പുതിയ വാഹനം വാങ്ങിയതെന്ന് വാക്കാൽ വിശദീകരിക്കുകയുണ്ടായി. പഴയ വാഹനത്തിന്റെ വാല്യുവേഷൻ നിർണ്ണയിച്ചതിൽ അപാകതയുണ്ടെങ്കിൽ ഇക്കാര്യം മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് വിഭാഗത്തെ ബോധ്യപ്പെടുത്തി മൂല്യനിർണ്ണയം പുതുക്കേണ്ടതും പഴയ വാഹനത്തിന്റെ ലേല നടപടികൾ പൂർത്തിയാക്കി നഷ്ടസാധ്യത ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-20 നിക്ഷേപ/വിഹിതം കൈമാറൽ പ്രവർത്തികൾ-വിനിയോഗസാക്ഷ്യപത്രം

ലഭ്യമാക്കിയില്ല

1. വിവിധ നിക്ഷേപപ്രവർത്തികൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക, ഫണ്ടിനം | ബിൽ നം |
|---|---|---|---|---|
| 1. | ഭൂജല വകുപ്പ്, കോട്ടയം | 71/23കുറിച്ചി ഗ്രാമപഞ്ചായത്ത് -എണ്ണയ്ക്കാചിറക്കുളം ഭാഗത്ത് കുടിവെള്ള പദ്ധതി | 5,00,000/- SCP | 24/1-10-22 |
| 2 | | 65/23 കുറിച്ചി ഗ്രാമപഞ്ചായത്ത് മെലം മൂട് വഞ്ചിപ്പുരയ്ക്കൽ കുടിവെള്ളപദ്ധതി | 5,00,000/-വികസന-പൊതു | 22/1-10-22 |
| 3 | | 69/23 സചിവോത്തമപുരം എസ് സി കോളനി കുടിവെള്ള പദ്ധതി | 5,00,000/-SCP | 21/29-9-22 |
| 4 | | 86/23 വിജയപുരം പഞ്ചായത്ത് വാർഡ് 6 ഗവ.എച്ച് എസ് വടവാതൂർ കുടിവെള്ളപദ്ധതി | 81,000/-വികസന-പൊതു | 23/1-10-22 |
| 5 | | 88/23വിജയപുരം പഞ്ചായത്ത് വാർഡ് 6 വലിയപാറ എസ് സി കോളനി കുടിവെള്ള പദ്ധതി | 5,00,000/-SCP | 25/1-10-22 |
| 6 | ഭൂജല വകുപ്പ്, കോട്ടയം | 186/23 പനച്ചിക്കാട് പഞ്ചായത്തിലെ വാർഡ് 21 ലക്ഷം വീട് കോളനിയിൽ കുടിവെള്ള പദ്ധതി | 7,77,900/- CFC | 23/P/76 /21-3-23 |
| 7 | കെഎസ്ഇബി.കുരോപ്പട | 66/23 അയർക്കുന്നം പഞ്ചായത്തിലെ 9, | 2,19,893/- വികസന-പൊതു | 44/14-22-23 |

| | | | | |
|---|---|---|---|---|
| | | 10 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | | |
| 8 | കെഎസ്ഇബി.പള്ളം | 2/23 പുതുപ്പള്ളി പഞ്ചായത്ത് 13, 14, 15, 17 വാർഡുകളിലും പനച്ചിക്കാട് പഞ്ചായത്തിൽ 8, 9, 10, 11 വാർഡുകളിലും സ്ട്രീറ്റ് ലൈൻ വലിക്കൽ- 7,00,000/- | 3,55,000/-CFC | |
| | കെഎസ്ഇബി വാകത്താനം | | 3,45,000/-CFC | |
| 9 | കെഎസ്ഇബി പുതുപ്പള്ളി | 68/23 കൊല്ലാട് ഡിവിഷനിൽ പനച്ചിക്കാട് പഞ്ചായത്തിൽ 1, 2, 3, 6 വാർഡുകളിൽ പുതുപ്പള്ളി പഞ്ചായത്തിൽ 16-ാം വാർഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 49,342/-വികസന-പൊതു | 20/29-9-22 |
| | കെഎസ്ഇബി പള്ളം | | 2,49,999/-വികസന-പൊതു | 31/17-10-22 |
| | കെഎസ്ഇബി നാട്ടകം | | 6,50,000/-വികസന-പൊതു | 37/3-11-22 |
| 10 | കെഎസ്ഇബി മണർകാട് | 1/23 തിരുവഞ്ചൂർ ഡിവിഷനിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ -6,97,649/- | 99,179 CFC | |
| | കെഎസ്ഇബി അയർക്കുന്നം | | 475500 CFC | |
| | കെഎസ്ഇബി കോട്ടയം | | 122970 CFC | |
| 11 | മൈനർ ഇറിഗേഷൻ, കോട്ടയം | 173/23എരമല്ലൂർ പാടശേഖരത്തിൽ തോട് ആഴം കൂട്ടൽ | 6,00,000/-വികസന-പൊതു | 45/14-12-22 |
| 12 | മൈനർ ഇറിഗേഷൻ, കോട്ടയം | 72/23 വിജയപുരം പഞ്ചായത്ത് വാർഡ് 11കക്കത്തുംകുഴി മേനാച്ചേരിൽ തോട് ആഴം കൂട്ടൽ | 5,25,000/-വികസന-പൊതു | 55/27-12-22 |
| | | ആകെ | 65,50,783 | |

2. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | പ്രവൃത്തിയുടെ പേര് | നൽകിയ തുക, ഫണ്ടിനം | ബിൽ നം |
|---|---|---|---|---|
| 1 | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | 79/23 അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 18 ആലക്കുളം കുടിവെള്ളപദ്ധതി വിഹിതം നൽകൽ | 49,990/- തനത് ഫണ്ട് | ചെക്ക് നം 197364/6-3-23 |
| 2 | വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദാംശം ലഭ്യമായില്ല | 62/23 ലൈഫ് പദ്ധതി ജനറൽ | 45,15,800/- വികസനഫണ്ട് (പൊതു) | 80/9-11-22<br>95/25-11-22<br>160/6-1-23 |
| 3. | വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദാംശം ലഭ്യമായില്ല | 73/23 ലൈഫ് പദ്ധതി SCP | 34,84,946/- SCP | 175/19-1-23<br>192/6-2-23<br>270/13-3-23 |
| 4. | വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദാംശം ലഭ്യമായില്ല | 64/23 ലൈഫ് പദ്ധതി TSP | 3,26,000/- TSP | 46/10-10-22<br>281/17-3-23<br>356/31-3-23 |
| 5 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 70/23 നിലയ്ക്കൽ പള്ളിപ്പടി SBT ജങ്ഷൻ, എറികാട്, SNDP എന്നീ 3 സ്ഥലങ്ങളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,89,050/- വികസനഫണ്ട് -പൊതു | 200/7-2-23 |
| 6 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 160/23 തോട്ടയ്ക്കാട് കുട്ടിക്കൽ റോഡ് തുമ്പനിൽ കവലയ്ക്ക് സമീപം സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 80,000/- SCP | 321/28-3-23 |
| 7 | അയർക്കുന്നം | 75/23 വാർഡ് | 97500/-തനത് | ചെക്ക് നം |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | മൂന്നിൽ മയിലാട്ടും കുന്ന് കുടിവെള്ള പദ്ധതി | ഫണ്ട് | 197360/27-2-23 |
| | | ആകെ | 9143286 | |

വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/14-7-23) മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 15694069 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വിവിധ മരാമത്ത് പ്രവൃത്തികൾ - സ്ഥല പരിശോധന നടത്തി അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നില്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ സ്ഥലപരിശോധന നടത്തി പൂർണ്ണമായ ആവശ്യകത നിർവ്വഹണോദ്യോഗസ്ഥൻ വിലയിരുത്തിയതിനു ശേഷമല്ല എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണതല നടപടികൾ സ്വീകരിക്കുന്നത് എന്ന് കാണുന്നു.

ഇത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയോ ഒരേ പ്രവൃത്തിയ്ക്കായി വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കേണ്ടി വരികയോ ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കല്ലുകടവ് കുടിവെള്ള പദ്ധതി - പമ്പിംഗ് മെയിൻ വലിക്കുന്നതിന് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ചിരിക്കുന്നു.

2022-23 ൽ കല്ലുകടവ് കുടിവെള്ള പദ്ധതിക്ക് മോട്ടോർ പമ്പ് സെറ്റ്, ഇലക്ട്രിക് കണക്ഷൻ എന്നീ പ്രവൃത്തികൾക്കായി 03/23 (New) എന്ന പ്രോജക്ടും (ചെലവ് - CFC – 554647 രൂപ) കല്ലുകടവ് കുടിവെള്ള പദ്ധതിപൂർത്തീകരണം എന്ന പ്രവൃത്തിയ്ക്കായി 164/23 (New) എന്ന പ്രോജക്ടും (ചെലവ് - CFC – 59599 രൂപ, തനത് ഫണ്ട് - 346217 രൂപ) നടപ്പാക്കി. 03/23 എന്ന പ്രോജക്ടിൽ 1120 മീറ്റർ പമ്പിംഗ് മെയിൻ ഇലക്ട്രിഫിക്കേഷൻ 164/23 എന്ന പ്രോജക്ടിൽ 233 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തി. സ്ഥലപരിശോധന നടത്തി വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതിന് മുൻപ് 03/23 എന്ന പ്രോജക്ടിന് ഭരണാനുമതി ലഭിച്ചുവെന്നും പ്രസ്തുത പ്രോജക്ടിൽ ഇലക്ട്രിഫിക്കേഷൻ കൂടി ഉൾപ്പെടുത്തിയതിനാൽ 1120 മീറ്റർ പമ്പിംഗ് മെയിൻ ഇടാനെ പ്രസ്തുത ഭരണാനുമതിയിൽ സാധിച്ചുള്ളൂ എന്നും ആയതിനാൽ പുതിയ പ്രോജക്ട് രൂപീകരിക്കേണ്ടിവന്നെന്നും ഓഡിറ്റ് എൻക്വയറി നം. 18/14-07-23 ന് അസി.എഞ്ചിനീയർ മറുപടി നൽകി. ആവശ്യമായ പ്രവൃത്തികളെല്ലാം ഒരേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആയതിന് ഭരണാനുമതി ലഭ്യമാക്കി പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. വിജയപുരം പഞ്ചായത്തിലെ വലിയപാറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം- വിശദമായ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു.

2021-22 ൽ ആരംഭിച്ച ഈ പ്രോജക്ടിൽ കോളനി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഓട നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രവൃത്തി തുടങ്ങിയതിനു ശേഷം മാത്രമാണ് റോഡിനരികിൽ സ്ഥിതി ചെയ്യുന്ന 2/18 നമ്പർ നമ്പർ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത മനസ്സിലാക്കി പോസ്റ്റ് ഷിഫ്റ്റിംഗ് കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പുനരാരംഭിച്ചത്. സ്ഥലപരിശോധന നടത്തി ശരിയായ അവസ്ഥാ പഠനത്തിന് ശേഷം ആവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടുകൾ നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-22 മുട്ടാർ കുടിവെള്ള പദ്ധതി - തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

| പ്രോജക്ട് നം / പ്രോജക്ട് | തുക | ബിൽ നം / തീയതി |
|---|---|---|
| അയർക്കുന്നം പഞ്ചായത്തിലെ വാർഡ് 2 മുട്ടാർ കുടിവെള്ള പദ്ധതി കിണർ നിർമ്മാണം | 75151 , ധനകാര്യകമ്മീഷൻ ഗ്രാന്റ് | 347/30-03-23 |

കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി കിണർ നിർമ്മിക്കുന്ന പ്രവൃത്തി മാത്രമാണ് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ തുടർപ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ തുടർപ്രോജക്ടുകൾ നടപ്പാക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുടർ പ്രോജക്ട് നടപ്പാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

1-23 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സിഡിപിഒ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ചുവടെ ചേർക്കും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് | വിഹിതം കൈമാറിയ സ്ഥാപനം | തുക | ബിൽ നം / തീയതി |
|---|---|---|---|
| 90/23, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അടങ്കൽ & ചെലവ് - വികസന ഫണ്ട് (പൊതുവിഭാഗം)- 1900000 | അയർക്കുന്നം | 500000 | 128/19-12-2022 |
| | വിജയപുരം | 300000 | 159/05-01-2023 |
| | പനച്ചിക്കാട് | 300000 | 134/21-12-2022 |
| | കുറിച്ചി | 500000 | 131/19-12-2022 |
| | പുതുപ്പള്ളി | 300000 | 137/22-12-2022 |
| | ആകെ | 1900000 | |

500000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 1400000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ടതാണ്.

1-24 പഞ്ചായത്ത് ഫണ്ടിലവശേഷിക്കുന്ന അനുപൂരകപോഷകാഹാരം കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

2013 ൽ അനുപൂരകപോഷകാഹാരം കേന്ദ്രവിഹിതമായി 630000 രൂപ ലഭിച്ചതിൽ (എസ് ബി ഐ മിസലേനിയസ് അക്കൗണ്ട് വടവാതൂർ ശാഖയിൽ നിക്ഷേപിച്ച തുക) 566069 രൂപ അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ (174/23) എന്ന പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 63931 രൂപ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായോ ഉപകരണങ്ങൾ വാങ്ങലിനായോ

ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 സ്കൂളുകൾക്ക് ഷീപാഡ് വിതരണം - ഷീ പാഡുകൾ പൂർണ്ണമായും വിതരണം ചെയ്ത വിവരം ലഭ്യമല്ല

| പ്രോജക്ട് | തുക |
|---|---|
| 20/23, സ്കൂളുകൾക്ക് ഷീ പാഡ് യൂണിറ്റ് (New) | 121804 (സി എഫ് സി) |
| 46/23, ഹൈസ്കൂളിന് ഷീപാഡ് വിതരണം (SO) | 168640 (സി എഫ് സി)<br>* 67180 രൂപ ഈ പ്രോജക്ടിന്റെ ഭാഗമായാണ് ചെലവഴിച്ചിരിക്കുന്നത് |

07/01/2023 ന് നിർവ്വഹണോദ്യോഗസ്ഥ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയ റിക്വിസിഷൻ പ്രകാരം HS/HSS വിഭാഗങ്ങളിലേയ്ക്കായി 11052 എണ്ണവും , യു പി വിഭാഗത്തിലേയ്ക്കായി 3858 എണ്ണവും പാഡുകൾ ഓർഡർ നൽകുകയും 50% തുക മുൻകൂർ അനുവദിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ഷീപാഡുകൾ ലഭിച്ചിട്ടില്ലന്ന് ഫയൽ പരിശോധനയിൽ കണ്ടു. ആയത് ലഭ്യമാകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (01/11.07.23) മറുപടിയിൽ ജൂലൈ 20 നകം ഷീപാഡുകളുടെ വിതരണം പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഷീ പാഡുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനായി തയ്യാറാക്കുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണത്തിലെ പോരായ്മകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

1-26 സി എച്ച് സി തോട്ടയ്ക്കാട് - മരുന്ന /ഉപകരണങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ പദ്ധതി<br>24/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി, തോട്ടയ്ക്കാട് |
| അടങ്കൽ തുക/ഫണ്ടിനം | 1550000 – വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവഴിച്ച തുക | 1520978 |

മേൽ പ്രോജക്ടിനായി ആകെ ചെലവഴിച്ച 1520978 രൂപയിൽ 7/23.11.2022 ബിൽ പ്രകാരം 655953 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 335352 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായതായി കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/12.07.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 320601 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | കിടപ്പ് രോഗികൾക്ക് അഡൽട്ട് ഡയപ്പർ അനുബന്ധസൗകര്യങ്ങളും<br>183/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി, തോട്ടയ്ക്കാട് |
| അടങ്കൽ തുക/ഫണ്ടിനം | 363000 – ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക/ബിൽ നം | 287935, 285/20.03.2023 |

മേൽ പ്രോജക്ടിനായി 287935 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും അഡൽട്ട് ഡയപ്പർ, അനുബന്ധസൗകര്യങ്ങൾ എന്നിവ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയവ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/12.07.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത അഡൽട്ട് ഡയപ്പർ, അനുബന്ധസൗകര്യങ്ങൾ എന്നിവയുടെ തുകയായ 287935 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇവ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | തോട്ടയ്ക്കാട് സി എച്ച് സിക്ക് മരുന്നു വാങ്ങൽ<br>23/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി, തോട്ടയ്ക്കാട് |
| അടങ്കൽ തുക/ഫണ്ടിനം | 500000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവഴിച്ച തുക | 499679 |

മേൽ പ്രോജക്ടിനായി ആകെ ചെലവഴിച്ച 499679 രൂപയിൽ 8/25.11.2022 ബിൽ പ്രകാരം 250000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മുൻകൂറായി തുക നൽകിയതിൽ 132516 രൂപയുടെ മരുന്ന് മാത്രമാണ് ഓഡിറ്റ് തീയതി വരെ ലഭ്യമായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/12.07.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 117484 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഓഡിറ്റ് തീയതി വരെ ലഭ്യമാകാത്ത പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ, മരുന്നുകൾ എന്നിവയുടെ ആകെ തുക 726020/- (320601 + 287935 + 117484) രൂപയാണ്. ഇത്രയധികം തുക മുൻകൂറായി ചെലവഴിച്ചിട്ടും അവശ്യം വേണ്ട മരുന്നുകളും പാലിയേറ്റീവ് കെയർ ഉപകരണങ്ങളും യഥാസമയം ലഭ്യമാകാത്തതുമൂലം ഇതിന്റെ പ്രയോജനം അർഹരായവർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥ ആശാസ്യമല്ല . ടി വിഷയത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-27 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ - ഫയൽ സൂക്ഷിപ്പിൽ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിക്കുള്ളിലുള്ള 8 പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന 18 ക്ഷീര സംഘങ്ങളിലെ കർഷകർക്ക് കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്നും ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നും സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | കാലിത്തീറ്റ സബ്സിഡി -141/23<br>കാലിത്തീറ്റ വിതരണം - 04/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | കാലിത്തീറ്റ സബ്സിഡി -141/23<br>28,00,000/-<br>(വികസന ഫണ്ട് (ജനറൽ)-400000,<br>ജില്ലാ പഞ്ചായത്ത് വിഹിതം-1000000, മറ്റുള്ളവ-1400000 )<br>കാലിത്തീറ്റ വിതരണം - 04/23<br>637200/-<br>(ധനകാര്യ കമ്മീഷൻ വിഹിതം ) |
| ചെലവഴിച്ച തുക | 1399323/-(കാലിത്തീറ്റ സബ്സിഡി )<br>636871/-(കാലിത്തീറ്റ വിതരണം )<br>ആകെ = 2036194/- |
| ബിൽ നം./തീയ്യതി/തുക | 121/13.12.2022 – 3,99,913/-<br>247/28.02.2023 – 9,99,410/-<br>196/07.02.2023 – 6,36,871/- |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിട്ടുള്ള ക്ഷീര സംഘങ്ങൾക്ക് കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ ലഭ്യമായിട്ടുണ്ടെങ്കിലും കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ക്ഷീര സംഘം | കാലിത്തീറ്റ (പാക്കറ്റ് ) | ബിൽ നം. /തീയതി | തുക | സബ്സിഡി തുക |
|---|---|---|---|---|---|
| 1 | ആറുമാനൂർ | 23 | KFLPI-22-23-040037/14.12.22 | 34385 | 17193 |
| | | 46 | KFLPI-22-23-055576/3.3.23 | 68770 | 34385 |
| 2 | പുതുപ്പള്ളി | 44 | KFLPI-22-23-039475/10.12.22 | 65780 | 32890 |
| | | 44 | KFLPI-22-23-055577/3.3.23 | 65780 | 32890 |
| 3 | തോട്ടയ്ക്കാട് നോർത്ത് | 68 | KFLPI-22-23-055574/3.3.23 | 101660 | 50830 |
| 4 | പത്താമുട്ടം | 42 | KFLPI-22-23-058230/16.3.23 | 62790 | 31395 |
| 5 | എറികാട് | 37 | KFLPI-22-23-059186/20.3.23 | 55315 | 27658 |
| 6 | അരീപ്പറമ്പ് | 256 | KFLPI-22-23-055344/2.3.23 | 382720 | 191360 |
| | | 256 | KFLPI-22-23-045285/12.1.23 | 382720 | 191360 |
| 7 | കൊല്ലാട് | 23 | KFLPI-22-23-058232/16.3.23 | 34385 | 17193 |
| | | 23 | KFLPI-22-23-045770/14.1.23 | 34385 | 17193 |

| | | | | | |
|---|---|---|---|---|---|
| 8 | ചേന്നാമറ്റം | 44 | KFLPI-22-23-055509/3.3.23 | 65780 | 32890 |
| 9 | തിരുവഞ്ചൂർ | 82 | KFLPI-22-23-045319/12.1.23 | 122590 | 61295 |
| 10 | പുന്നത്തുറ | 22 | KFLPI-22-23-045321/12.1.23 | 32890 | 16445 |
| | | | ആകെ | | 754977 |

കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവയുടെ അഭാവത്തിൽ സബ്സിഡി തുകയായ 7,54,977,രൂപ തടസ്സപ്പെടുത്തുന്നു.

2. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന പൊതുവിഭാഗം ക്ഷീര കർഷകർക്ക് ഒരു വർഷം പരമാവധി 10000/- രൂപയുടെ കാലിത്തീറ്റ സബ്സിഡിയാണ് അനുവദിക്കാവുന്നത്. ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ക്ഷീര കർഷകർക്ക് കാലിത്തീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേന സബ്സിഡി ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/12.07.23) മറുപടി ലഭ്യമാക്കിയില്ല. ക്ഷീര സംഘങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം, കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിവരം, ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്ന് കർഷകർക്ക് ഇതേ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 അയർക്കുന്നം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന RRF - പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം, പ്രോജക്റ്റ് | 37/23. അയർക്കുന്നം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന RRF നവീകരണം (Spill Over) |
| അടങ്കൽ | 295547 (ധനകാര്യ കമ്മീഷൻ അവാർഡ് + 26600 തനത് ഫണ്ട്) |
| ചെലവ് | 87055 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം/ തീയതി | 08/13-06-22 |

സാധനങ്ങൾ സൂക്ഷിക്കാനുള്ള സ്റ്റോറേജ് സ്പേസ് കെട്ടിടത്തിനു മുന്നിൽ ഷീറ്റ് റൂഫിംഗ്, സംരക്ഷണ ഭിത്തി, ഗ്രിൽ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളുൾപ്പെടുത്തി 4,40,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. 2,39,662 രൂപയുടെ പ്രവൃത്തികൾ 2021-22 വർഷവും തുടർ പ്രവൃത്തികൾ 2022-23 ലും പൂർത്തീകരിച്ചു. RRF നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ പ്രസ്തുത വിവരവും അല്ലാത്ത പക്ഷം പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/14-07-23) യ്ക്ക് മറുപടി ലഭ്യമായില്ല. നിലവിലും പ്രവർത്തനം പുനരാരംഭിച്ചിട്ടില്ല എന്ന് 15/07/23 ലെ എക്സിറ്റ് മീറ്റിംഗിൽ ബോധ്യമായി. RRF പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 അയർക്കുന്നം സി എച്ച് സിക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് | അയർക്കുന്നം സി എച്ച് സിക്ക് മരുന്നു വാങ്ങൽ |

| | |
|---|---|
| | 110/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി, അയർക്കുന്നം |
| അടങ്കൽ തുക/ഫണ്ടിനം | 800000-മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവഴിച്ച തുക | 800000 |

മേൽ പ്രോജക്ടിനായി 2/14.09.2022 ബിൽ പ്രകാരം 268265 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 37308 രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. കൂടാതെ 6/12.01.2023 ബിൽ പ്രകാരം 106813 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 15141 രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/13.07.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 52449 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 13.07.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 392000 | പി എം എ വൈ ആവാസ് പ്ലസ് ഭവന പദ്ധതി ജനറൽ (പ്രോജക്ട് നം. 55/23) | 392000 | 0 |
| | 784000 | പി എം എ വൈ ആവാസ് പ്ലസ് ഭവന പദ്ധതി SC (പ്രോജക്ട് നം. 56/23) | 784000 | 0 |
| | 275000 | ഇല്ലം നിറ വല്ലം നിറ - പെട്ടി പറ മോട്ടോർ വാങ്ങൽ (പ്രോജക്ട് നം. 172/23) | 275000 | 0 |
| | 999410 | കാലിത്തീറ്റ സബ്സിഡി (പ്രോജക്ട് നം. 141/23) | 999410 | 0 |
| ആകെ | 2450410 | | 2450410 | 0 |
| ഗ്രാമപഞ്ചായത്തുകൾ | 250000 | ഇല്ലം നിറ വല്ലം നിറ - പെട്ടി പറ മോട്ടോർ വാങ്ങൽ (പ്രോജക്ട് നം. 172/23) | 250000 | 0 |
| | 367071 | എ ബി സി പ്രോഗ്രാം ബ്ലോക്ക് തല പദ്ധതി (പ്രോജക്ട് നം. 172/23) | 367071 | 0 |
| ആകെ | 617071 | | 617071 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 71/2, കുറിച്ചി ഗ്രാമപഞ്ചായത്ത് -എണ്ണയ്ക്കാചിറക്കുളം ഭാഗത്ത് കുടിവെള്ള പദ്ധതി | 24/1-10-22 | 5,00,000/ | 0 | 5,00,000/ |
| | 65/23, കുറിച്ചി ഗ്രാമപഞ്ചായത്ത് മെലം മൂട് | 22/1-10-22 | 5,00,000 | 0 | 5,00,000/ |

| | | | | | |
|---|---|---|---|---|---|
| | വഞ്ചിപ്പുരയ്ക്കൽ കുടിവെള്ളപദ്ധതി | | | | |
| | 69/23, സചിവോത്തമപുരം എസ് സി കോളനി കുടിവെള്ള പദ്ധതി | 21/29-9-22 | 5,00,000 | 0 | 5,00,000 |
| | 86/23, വിജയപുരം പഞ്ചായത്ത് വാർഡ് 6 ഗവ.എച്ച് എസ് വടവാതൂർ കുടിവെള്ളപദ്ധതി | 23/1-10-22 | 81,000/- | 0 | 81,000/- |
| | 186/23, പനച്ചിക്കാട് പഞ്ചായത്തിലെ വാർഡ് 21 ലക്ഷം വീട് കോളനിയിൽ കുടിവെള്ള പദ്ധതി | 23/P/76 /21-3-23 | 7,77,000 | 0 | 7,77,000 |
| | 88/23, വിജയപുരം പഞ്ചായത്ത് വാർഡ് 6 വലിയപാറ എസ് സി കോളനി കുടിവെള്ള പദ്ധതി | 25/1-10-22 | 5,00,000 | 0 | 5,00,000 |
| കെഎസ്ഇബി | 66/23,അയർക്കുന്നം പഞ്ചായത്തിലെ 9, 10 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 44/14-22-23 | 2,19,893 | 0 | 2,19,893 |
| | 2/23, പുതുപ്പള്ളി പഞ്ചായത്ത് 13, 14, 15, 17 വാർഡുകളിലും പനച്ചിക്കാട് പഞ്ചായത്തിൽ 8, 9, 10, 11 വാർഡുകളിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 84/14-22-23 | 7,00,000 | 0 | 7,00,000 |
| | 68/23, കൊല്ലാട് ഡിവിഷനിൽ പനച്ചിക്കാട് പഞ്ചായത്തിൽ 1, 2, 3, 6 വാർഡുകളിൽ പുതുപ്പള്ളി പഞ്ചായത്തിൽ | 20/29-9-22<br>31/17-10-22<br>37/3-11-22 | 9,49,341 | 0 | 9,49,341 |

| | | | | | |
|---|---|---|---|---|---|
| | 16-ാം വാർഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | | | | |
| | 1/23, തിരുവഞ്ചൂർ ഡിവിഷനിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 42/12-11-22 | 6,97,649 | 0 | 6,97,649 |
| മൈനർ ഇറിഗേഷൻ | 173/23,എരമല്ലൂർ പാടശേഖരത്തിൽ തോട് ആഴം കൂട്ടൽ | 45/14-12-22 | 6,00,000 | 0 | 6,00,000 |
| | 72/23, വിജയപുരം പഞ്ചായത്ത് വാർഡ് 11 കക്കത്തുംകുഴി മേനാച്ചേരിൽ തോട് ആഴം കൂട്ടൽ | 55/27-12-22 | 5,25,000 | 0 | 5,25,000 |
| ആകെ | | | 65,49,883 | 0 | 65,49,883 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | പേജ് നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28,34 എ | 2003-04 | പേജ് 63 | 1)പനച്ചിക്കാട്-വെള്ളൂവാക്കൽപ്പാടം സംരക്ഷണഭിത്തി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | 17,000- രൂപ<br>2) റോഡ് നിർമാണം (പനച്ചിക്കാട്- മലവേടർ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല .

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 4534583 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 60115878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 67904077 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 60448937 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18048030 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 820515 | കവിത വി.ജെ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 1-20 | 15694069 | ഉത്തമൻ ബി, സെക്രട്ടറി |
| 1-26 | 726020 | ഡോ. ഓമന കെ.കെ, മെഡിക്കൽ ഓഫീസർ, CHC തോട്ടയ്ക്കാട് |

| | | |
|---|---|---|
| 1-27 | 754977 | മാർട്ടിൻ സനൽകുമാർ ജി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-29 | 52449 | ഡോ. വിമി ഇക്ബാൽ, മെഡിക്കൽ ഓഫീസർ, CHC അയർക്കുന്നം |
| ആകെ | 18048030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(1) /2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(2) /2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(3) /2018/07.05.2018 | 7 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(4) /2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(5) /2018/07.05.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(6) /2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(7) | 2 |

| | | |
|---|---|---|
| | /2018/07.05.2018 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(8) /2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(9) /2018/07.05.2018 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(10) /2018/07.05.2018 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(11) /2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(12) /2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(13) /2018/07.05.2018 | 4 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദ018/812(14) /2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623 /18/18.01.2018 | 12 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1849 /2018/29.10.18 | 5 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.15/176 /2020/05.05.20 | 7 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.15/525 /2022/12.09.22 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.15/526 /2022/12.09.22 | 13 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.15/2427 /23/05.05.23 | 12 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pallom Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pallom Block Panchayat for the year 2022-2023

Date: 05/09/2023

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Pallom Block Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of liability - Unutilised portion of central share for ICDS project to the tune of 63931/- not disclosed as liability.
2.Non Disclosure of Assets -Equipement /Furniture purchased through various projects not included in the value of assets and corresponding updation not seen effected.

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.
2. Monthly bank reconciliation statement not prepared.
3. Demand register does not match with financial statement, especially regarding the item rent
4. Necessary registers are not maintained to substantiate figures as per financial statements (eg.

Deposit register, Advance register).
5. Documents and necessary worksheet in support of provision for depreciation on fixed assets not produced for verification.
6. Documents for verification of accuracy of Panchayath general fund and capital contribution not provided.
7. Misclassification in accounting. Contribution from District Panchayath wrongly acounted as contribution from Block Panchayath.
8. Misclassification and omission of land assets . (Roads, Bridges culverts etc. which are not to be treated as asset of Block Panchayath
accounted as assets of Block Panchayath).
9. Non inclusion of transactions regarding MGNREGS in Annual Financial statement.
10. Details regarding amount accounted as beneficiary contribution not made available for audit.
11. Expenditure from the contributions of Grama Panchayaths are not seen accounted are not routed through the AFS of Block Panchayath.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്